## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. റ്റി.5543 04.07.2013 -ൽ മറുപടിയ്ക്ക്

## സ്വകാര്യ ട്രാവൽ ഏജൻസികൾ മുഖേന എടുക്കുന്ന വിമാന യാത്രാ ടിക്കറ്റുകൾ

ചോദ്യം

**ശ്രീ.കെ.സുരേഷ് കുറുപ്പ്**

ഉത്തരം

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിമാന യാത്രാ ടിക്കറ്റുകൾ കൈകാര്യം ചെയ്യുന്ന ഏജൻസി പൊതു മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ; സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന 'ഒഡെപെക്' എന്ന സ്ഥാപനം വിമാന യാത്രാ ടിക്കറ്റുകൾ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നുണ്ടോ; | (എ) | ഉണ്ട്. അയാട്ട അംഗീകാരത്തോടെ കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ 'ഒഡെപെക്'- ദേശീയ – അന്തർ ദേശീയ വിമാനടിക്കറ്റുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ സർക്കാർ സ്ഥാപനം നിലവിലുള്ളപ്പോൾ മന്ത്രിമാരുടെയും, പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെയും ഉൾപ്പെടെയുള്ള വിമാന ടിക്കറ്റുകൾ സ്വകാര്യ ട്രാവൽ ഏജൻസികൾ വഴി എടുക്കുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർ ആരെങ്കിലും 'ഒഡെപെക്' എന്ന സ്ഥാപനം വഴി വിമാന യാത്രാ ടിക്കറ്റ് എടുത്തിട്ടുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ